## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 23.08.2025 മുതൽ 27.08.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 34/2025 (67) വെള്ളിയാഴ്ച | തീയ്യതി 22/08/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 23.08.2025 | 24.08.2025 | 25.08.2025 | 26.08.2025 | 27.08.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.6 | 0.3 | 0.1 | 0.1 | 0.5 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 4 | 4 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 340 | 340 | 290 | 250 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 6 | 7 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിര്‍ദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതുനിർദേശങ്ങൾ:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) കതിരു വരുന്ന പരുവം | ബാക്റ്റീരിയൽ വാട്ടം | പ്രതിരോധ മാർഗമെന്നോണം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി മഴയില്ലാത്തപ്പോൾ തളിക്കുക. |
| നെല്ല് (വിരിപ്പ്) പൂക്കുന്ന സമയം | നെല്ലിലെ കറവൽ | ഒരു ലിറ്റർ വെള്ളത്തിൽ 0.4 ഗ്രാം നേറ്റിവോയും 10 ഗ്രാം 13:0:45 ഉം (പൊട്ടാസിയം നൈട്രേറ്റ്) ലയിപ്പിച്ചു മഴയില്ലാത്തപ്പോൾ തളിക്കുക. |
| അമരപ്പയർ, ചതുരപ്പയർ | പരിപാലനം | അമരപ്പയർ, ചതുരപ്പയർ എന്നിവയുടെ നടീൽ സമയമാണ്. ഇവ ദിന ദൈർഘ്യം കുറഞ്ഞ നവംബർ മുതൽ ഫെബ്രുവരി വരെയുള്ള സമയത്താണ് പൂക്കുകയും കായ്ക്കുകയും ചെയ്യുന്നത്. നിലമൊരുക്കലും നടീലും ആരഭിക്കാവുന്നതാണ്. |
| ഇഞ്ചി | തണ്ടുതുരപ്പൻ പുഴു | ബിവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ മഴയില്ലാത്തപ്പോൾ തളിക്കാവുന്നതാണ്. |

മത്സ്യകൃഷി:- മത്സ്യക്കുളങ്ങളിലെ വെള്ളത്തിൻറെ ഗുണനിലവാര പരിശോധനയ്ക്കുള്ള സൗകര്യം വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ്.